## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം : T 2825** **10.03.2017 ലെ മറുപടിക്ക്**

## <u>ഗ്രന്ഥശാലകൾക്ക് സൗകര്യങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് പുതിയ കെട്ടിടവും ആധുനിക സൗകര്യവും ഒരുക്കുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ ; | (എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, സർക്കാർ പദ്ധതി പ്രകാരം, 1300 എ ഗ്രേഡ് ലൈബ്രറികൾക്ക് എൽ.സി.ഡി. പ്രോജക്ടർ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, വൈ-ഫൈ സംവിധാനം എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറികൾക്ക് കമ്പ്യൂട്ടർ ലഭ്യമാക്കുകയും ലൈബ്രറികളിൽ ഇന്റർനെറ്റ് സംവിധാനം നൽകിവരികയും ചെയ്യുന്നു. ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഗ്രാന്റ് നൽകുന്നുണ്ട്. |
| (ബി) 'എ' ഗ്രേഡ് ലൈബ്രറികൾക്കുള്ള വാർഷിക ഗ്രാന്റ് എത്രയാണ് ; വ്യക്തമാക്കുമോ ; പ്രസ്തുത സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിക്കുന്നതും പരിശോധിക്കുമോ ; | (ബി) 'എ' ഗ്രേഡ് ലൈബ്രറികളുടെ വാർഷിക ഗ്രാന്റ് 32,000/- രൂപയാണ്. ലൈബ്രറി കൗൺസിലിൽ നിന്നും കെട്ടിട ഗ്രാന്റ് കൈപ്പറ്റി 5 വർഷം കഴിഞ്ഞ ലൈബ്രറികൾക്കാണ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. ഇപ്പോൾ ഒരു ലക്ഷം രൂപയാണ് മെയിന്റനൻസ് ഗ്രാന്റ് ഒറ്റത്തവണയായി അനുവദിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾക്ക് മെയിന്റനൻസ് ചെലവ് നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

....2.

(സി) പ്രസ്തുത ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് പ്രത്യേക തുക ഗ്രാന്റിൽ വകയിരുത്തുമോ ;

(സി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ജില്ലാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

(ഡി) ലൈബ്രേറിയൻ അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ ?

(ഡി) ലൈബ്രേറിയൻ അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ട്. എ മുതൽ എഫ് വരെ ഗ്രേഡിലുള്ള ലൈബ്രറികൾക്ക് പ്രതിമാസം 500/- രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ